# മുസിരിസ് പൈതൃക പദ്ധതിയുമായി സഹകരിക്കും: ഡച്ച് അംബാസഡർ

പറവൂർ: മുസിരിസ് പൈതൃക പദ്ധതിയുമായി സഹകരിക്കാൻ ഡച്ച് സർക്കാരിനു താൽപര്യമുണ്ടെന്നു ഡച്ച് അംബാസഡർ ബോബ് ഹിൻഷ് പറഞ്ഞു. മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി പുനരുദ്ധരിക്കുന്ന ചരിത്ര സ്മാരകങ്ങളും ഉത്ഖനന പ്രദേശങ്ങളും സന്ദർശിക്കവെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

മൂന്നര നൂറ്റാണ്ട് മുൻപു ഡച്ചുകാർ പാലിയത്തച്ചന്മാർക്കു നിർമിച്ചു നൽകിയ ചേന്ദമംഗലത്തെ പാലിയം കൊട്ടാരം സന്ദർശിച്ച അദ്ദേഹം, പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ സംതൃപ്തി പ്രകടിപ്പിച്ചു. രാജ്യാന്തര നിലവാരത്തിലാണു പുനരുദ്ധാരണം നടക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സംസ്ഥാനത്തു സർക്കാരുകൾ മാറിവരുമ്പോൾ മുസിരിസ് പദ്ധതിയുടെ പ്രവർത്തനത്തെ ബാധിക്കുമോ എന്നു പാലിയം ട്രസ്റ്റ് ഭാരവാഹികളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും നടത്തിയ ചർച്ചയിൽ അദ്ദേഹം ചോദിച്ചു. സർക്കാരുകളുടെ മാറ്റം പദ്ധതിയെ ബാധിക്കില്ലെന്നും ഭരണ–പ്രതിപക്ഷ ജനപ്രതിനിധികൾ ഇക്കാര്യത്തിൽ ധാരണയിലാണെന്നും വി.ഡി. സതീശൻ എംഎൽഎ അറിയിച്ചു. രാജ്യാന്തരതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന പദ്ധതി എന്ന നിലയിൽ ലക്ഷ്യത്തിൽ എത്തുന്നതിനായി തുടർ പ്രവർത്തനം ഉണ്ടാകുമെന്നും എംഎൽഎ പറഞ്ഞു. മുസിരിസ് പദ്ധതിയിൽ വിദ്യാഭ്യാസം, ഗവേഷണം എന്നീ വിഭാഗങ്ങളിൽ ഡച്ച് സർക്കാരിനു പങ്കാളിയാകാൻ താൽപര്യമുണ്ട്. ഇക്കാര്യത്തിൽ പിന്നീടു ചർച്ച നടത്തുമെന്നും ഹിൻഷ് പറഞ്ഞു.

പാലിയം കൊട്ടാരം, ഉത്ഖനനം നടക്കുന്ന പട്ടണം, കോട്ടപ്പുറം കോട്ട പ്രദേശങ്ങളും അദ്ദേഹം സന്ദർശിച്ചു. മുഹമ്മദ് അഫ്സൽ, മുസിരിസ് കൺസർവേഷൻ കൺസൽറ്റന്റ് ബെന്നി കുര്യാക്കോസ്, സ്പെഷൽ ഓഫിസർ വി.എം. സുനിൽ എന്നിവർ അദ്ദേഹത്തെ അനുഗമിച്ചു.



*ചേന്ദമംഗലത്തെ പാലിയം കൊട്ടാരം ഡച്ച് അംബാസഡർ ബോബ് ഹിൻഷ് സന്ദർശിക്കുന്നു. ബെന്നി കുര്യാക്കോസ്, മുഹമ്മദ് അഫ്സൽ, വി.ഡി. സതീശൻ എംഎൽഎ, രാജേന്ദ്രൻ കുട്ടൻ അച്ചൻ, കൃഷ്ണബാലൻ പാലിയത്ത് സമീപം.*